(ഇ) തുക നഷ്ടപ്പെടുത്തിയിട്ടില്ല. മറ്റു പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഫീസാനുകൂല്യങ്ങളും നൽകുന്നതിനായി അനുവദിച്ച 1080 ലക്ഷം രൂപ ഈ സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ യഥാസമയം നടത്താൻ നടപടി

31 (2034) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.റ്റി.ഇ. പരീക്ഷയുടെ സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട തീരുമാനം വൈകുന്നതിനാൽ 2011 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ നടത്താൻ കഴിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷകൾ യഥാസമയം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്. 2011 ഫെബ്രുവരി മാസത്തിൽ നടത്തേണ്ട കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ മുൻ വർഷങ്ങളിലേതുപോലെ തന്നെ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻസ്പയർ എക്സിബിഷനിൽ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക്

32 (2035) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ഇൻസ്പെയർ എക്സിബിഷനിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി.ക്ക് ഗ്രേസ് മാർക്ക് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly